# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3323** **14-07-2015 ലെ മറുപടിയ്ക്ക്**

## നികുതി പിരിവ്

| | ചോദ്യം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | | മറുപടി<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | 2014-15 വർഷം നികുതി പിരിവിൽ കുറവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ, അത് എന്തൊക്കെ കാരണങ്ങളാലാണ് എന്ന് വിശദീകരിക്കാമോ; | (എ) | അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ അനുസരിച്ച് കാർഷികാദായ നികുതി, സംസ്ഥാന എക്സൈസ് നികുതി എന്നീ നികുതി ഇനങ്ങളിൽ 2014-15 സാമ്പത്തിക വർഷം, 2013-14 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് കുറവ് വരുമാനമാണ് ലഭിച്ചത്. റബ്ബറിന്റെ വിലയിൽവന്ന കുറവ് കാരണം റബ്ബറിൽനിന്നുള്ള വരുമാനത്തിൽ 41% കുറവുണ്ടായിട്ടുണ്ട്. കൂടാതെ റബ്ബറിനെ 2014 ഡിസംബർ 20 മുതൽ 2015 മാർച്ച് 31 വരെ നികുതിയിൽനിന്ന് ഒഴിവാക്കിയതും നികുതി വരുമാനത്തിൽ കുറവുണ്ടാകാൻ കാരണമായിട്ടുണ്ട്.<br><br>സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന 710 എഫ്-എൽ - 3 ലൈസൻസുകൾ (ബാറുകൾ) നിർത്തലാക്കിയതും 52 എഫ്-എൽ-1 വിദേശമദ്യ ഔട്ട് ലെറ്റുകൾ നിർത്തലാക്കിയതും എക്സൈസ് നികുതി വരുമാനത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. കൂടാതെ, പിഴയിനത്തിലുംമറ്റും ടി ലൈസൻസി കളിൽ നിന്നും ലഭിച്ചിരുന്ന വരുമാനത്തിലും |

| | | | |
|---|---|---|---|
| | | | കുറവുണ്ടായിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിനുശേഷം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ (കെ.എസ്.ബി.സി) വഴിയുള്ള മദ്യവില്പനയിലും കുറവു വന്നിട്ടുണ്ട്. |
| (ബി) | നികുതി പിരിവ് ഊർജ്ജിതമാക്കാൻ, നടപ്പ് വർഷം എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | നികുതി പിരിവ് ഊർജ്ജിതമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വകുപ്പ് തിരിച്ച് താഴെച്ചേർക്കുന്നു.<br><br>**<u>ലാന്റ് റവന്യൂ വകുപ്പ്</u>**<br>ഭൂനികുതി പിരിവ് കൂടുതൽ കാര്യക്ഷമവും കൃത്യവുമാക്കുന്നതിനായി ഓരോമാസവും കൈവരിക്കേണ്ട പിരിവ് ലക്ഷ്യം മുൻകൂട്ടി നിശ്ചയിച്ച് ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുള്ളതും ഇതനുസരിച്ച് പിരിവ് നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചുവരുന്നതുമാണ്. ലാന്റ് റവന്യൂ നികുതി ഇനങ്ങളിലെ മുഖ്യ വരുമാന ഇനമായ ബിൽഡിംഗ് ടാക്സ് പിരിച്ചെടുക്കുന്നതിന് ഓരോ മാസവും അസസ് ചെയ്യേണ്ട ഏറ്റവും കുറഞ്ഞ കെട്ടിടങ്ങളുടെ എണ്ണം മുൻകൂറായി നിശ്ചയിച്ച് ജില്ലകൾക്ക് നൽകിയിട്ടുള്ളതു പ്രകാരം ഊർജ്ജിത നികുതി പിരിവ് നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>**<u>എക്സൈസ് വകുപ്പ്</u>**<br>മദ്യത്തിന്മേലുള്ള വില്പന നികുതി, എക്സൈസ് ഡ്യൂട്ടി എന്നിവയുടെ നിരക്ക് വർദ്ധിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്മേൽ ചുമത്തുന്ന എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ച് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

**മോട്ടോർ വാഹന വകുപ്പ്**

അഞ്ച് വർഷമോ അതിൽ കൂടുതലോ കാലയളവിൽ നികുതി കുടിശ്ശിക വരുത്തിയിട്ടുള്ള വാഹനങ്ങളുടെ കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം അടയ്ക്കുന്നതിനുള്ള തീയതി 31-12-2015 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ടാക്സ് കുടിശ്ശിക വരുത്തിയതിനാൽ മോട്ടോർ വാഹന വകുപ്പോ പോലീസോ പിടിച്ചെടുത്ത വാഹനങ്ങൾ ഒരു വർഷത്തിനകം ടാക്സ് അടച്ചില്ലെങ്കിൽ ലേലം ചെയ്ത് സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതിന് നിയമ ഭേദഗതി ചെയ്തിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. അധിക വിഭവ സമാഹരണം ലക്ഷ്യമിട്ട് എൻഫോഴ്സ്മെന്റ് വർക്ക് ഊർജ്ജിതപ്പെടുത്താനും എല്ലാ ഓഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**വാണിജ്യ നികുതി വകുപ്പ്**

നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് നികുതി മേൽനോട്ട സമിതി, വില നിരീക്ഷണ സമിതി എന്നിവയുടെ ആഭിമുഖ്യത്തിൽ വിശകലനം നടത്തുകയും റിട്ടേൺ സ്ക്രൂട്ടിനി ശക്തമാക്കുകയും ചെയ്തിട്ടുണ്ട്. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് പരീക്ഷണാടിസ്ഥാനത്തിൽ അമരവിളയിൽ നടപ്പിലാക്കി. സി.സി.ടി.വി.ക്യാമറ സംവിധാനം എല്ലാ അതിർത്തി ചെക്ക് പോസ്റ്റുകളിലും നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. വലിയ തുകകൾ ഉൾപ്പെട്ട ഹൈക്കോടതി കേസ്സുകളും ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ), ട്രൈബ്യൂണൽ എന്നിവയിൽ സ്റ്റേയിൽ കിടക്കുന്ന കേസ്സുകളും അടിയന്തിരമായി തീർപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്ന ചരക്കുകളുടെ

| | | | |
|---|---|---|---|
| | | | വിശദാംശങ്ങളും ആഡംബര നികുതി, കാർഷികാദായ നികുതി, മണിലെന്റേഴ്സ് നിയമം എന്നിവയുടെ റിട്ടേണുകളും ഓൺലൈനാക്കിയിട്ടുണ്ട്. കൂടാതെ നികുതി വെട്ടിപ്പ് കുറയ്ക്കുന്നതിനായി ചെക്ക് പോസ്റ്റുകളുടെയും വാണിജ്യ നികുതി ഇന്റലിജൻസ് വിഭാഗത്തിന്റെയും പ്രവർത്തനവും സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ട്രെയിൻ, ലക്ഷ്വറി ബസ് എന്നിവയിലൂടെയുള്ള അനധികൃത ചരക്ക് വ്യാപനം ഫലപ്രദമായി തടയുന്നതിന് ഈ മേഖലയിൽ പരിശോധന ശക്തമാക്കിയിട്ടുണ്ട്. കൂടാതെ നികുതി നിർണ്ണയ വ്യവസ്ഥ കാര്യക്ഷമമാക്കുന്നതിന് ആഡിറ്റ് അസസ്മെന്റ് വിംഗ് പുന:സ്ഥാപിച്ചിട്ടുണ്ട്. |

Jayesh

സെക്ഷൻ ഓഫീസർ.